(സി) കൃഷി വകുപ്പു മുഖേന നടപ്പിലാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി നടപ്പ് വർഷത്തിൽ 2,545 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

(ഡി) 2011 ജനുവരി മാസം വരെ 1168.92 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ കാലയളവിൽ പദ്ധതികളുടെ 80 ശതമാനത്തോളം ഭൗതികനേട്ടം കൈവരിച്ചിട്ടുണ്ട്.

കിസാൻ ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്നതിന് നടപടി

224 (1193) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിസാൻ ക്രെഡിറ്റ് കാർഡ് ആകെ എത്ര കർഷകർക്കാണ് ലഭ്യമാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) മൊത്തം കർഷകരിൽ എത്ര ശതമാനം പേർക്കാണ് ഇത്തരം ക്രെഡിറ്റ് കാർഡുകൾ നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ക്രെഡിറ്റ് കാർഡ് ലഭ്യമാക്കിയിട്ടുള്ള കർഷകരിൽ എത്ര പേരാണ് പ്രസ്തുത കാർഡ് ഉപയോഗിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും ക്രെഡിറ്റ് കാർഡ് ലഭ്യമാക്കാനും കൂടുതൽ പേർ പ്രസ്തുത കാർഡ് ഉപയോഗിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) സംസ്ഥാനത്തെ മുഴുവൻ കർഷകരുടെയും കണക്ക് ശേഖരിക്കുന്നതിന് എല്ലാ ജില്ലാ കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷി ഭവൻ മുഖേന കർഷകരുടെ കണക്കുകൾ ശേഖരിച്ച് ജില്ലാ കൃഷി ഓഫീസിൽ ക്രോഡീകരിക്കുകയും ചെയ്തതിനുശേഷം അതാത് ജില്ലകളുടെ ലീഡ് ഡിസ്ട്രിക്റ്റ് മാനേജർക്ക് നൽകുന്നതാണ്. ഇത് കൂടാതെ കിസ്സാൻ ക്രെഡിറ്റ് കാർഡ് പദ്ധതിക്ക് പ്രചാരണം നൽകുന്നതിന് ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

കാർഷിക മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന തകർച്ചയുടെ കാരണങ്ങൾ

225 (1194) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന തകർച്ചയുടെ കാരണങ്ങളെക്കുറിച്ച് സർക്കാരിന്റെ ഏതെങ്കിലും ഏജൻസി പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

LIBRARY ASSEMBLY KERALA NIYAMASABHA

(ബി) കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം എല്ലാത്തരത്തിലുമുള്ള കൃഷിയെയും ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ ;

(സി) ചെറിയ കൃഷിഭൂമികളാണ് സംസ്ഥാനത്ത് ഏറെയുമെന്നതിനാൽ ഇവിടെ കൃഷി ആദായകരമല്ലാതാകുന്നു എന്ന വസ്തുത കണക്കിലെടുത്ത് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് നിലനിൽക്കുന്ന കൂലിക്കൂടുതൽ കാർഷിക മേഖലയെ ബാധിക്കുന്നുണ്ടെന്ന കാര്യം പരിഗണിക്കപ്പെട്ടിട്ടുണ്ടോ ; അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) കൃഷി വകുപ്പ് മുഖേന പഠനം നടത്തിയിട്ടില്ല. കാർഷിക മേഖല പൊതുവേ ഒരു ഉണർവിന്റെ ചിത്രം നൽകി വരികയാണ്.

(ബി) ഉണ്ട്. ഇതിന് ഒരു പരിഹാരമാണ് കാർഷിക രംഗത്ത് പരമാവധി യന്ത്രവൽക്കരണം നടപ്പാക്കുകയെന്നത്. തൊഴിലാളികൾക്ക് കൂടി സ്വീകാര്യമായ തരത്തിൽ യന്ത്രവൽക്കരണം നടപ്പാക്കുക എന്നതാണ് സർക്കാർ നയം. കാർഷിക യന്ത്രവത്ക്കരണത്തിനായി 2010-11 വർഷം 320.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് കർഷകർക്ക് സബ്സിഡി നിരക്കിൽ ട്രാക്ടർ, പവ്വർ ട്രില്ലർ പമ്പ്സെറ്റ് സ്പ്രെയറുകൾ, കൊയ്ത്തു മെതിയന്ത്രങ്ങൾ തുടങ്ങിയവ ലഭ്യമാക്കി വരുന്നു.

(സി) ഉണ്ട്.

(ഡി) തൊഴിലാളികളുടെ കൂലി കൂടുതലിനെക്കാളും തൊഴിലാളി ക്ഷാമമാണ് കാർഷിക മേഖലയെ ബാധിക്കുന്ന പ്രധാന പ്രശ്നം. ഇതിനായി ആവശ്യാനുസരണം കാർഷിക പ്രാധാന്യമുള്ള പ്രദേശങ്ങളിൽ കൂടുതൽ യന്ത്രവൽക്കരണത്തിനുള്ള പദ്ധതികളും പരിശീലനങ്ങളും നടപ്പിലാക്കി വരുന്നു.

ക്ഷീരസുരക്ഷാ സേവന കേന്ദ്രങ്ങൾ

226 (1185) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. എം. കെ. ചന്ദ്രൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ക്ഷീരസുരക്ഷാ സേവന കേന്ദ്രങ്ങൾ തുറക്കുന്നതിനുള്ള പദ്ധതികളുണ്ടോ ;

(ബി) കാർഷിക സേവനത്തിന് യുവജനങ്ങളെ തയ്യാറാക്കുന്നതിനുള്ള പദ്ധതിക്ക് കാർഷിക സർവ്വകലാശാല രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly